**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷന്റെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, 2025-26 ലെ  യൂണിയൻ ബഡ്ജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ  ഉണ്ടായിരുന്നത് (25.06%). JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31 %) .<br><br>പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിനു മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ).<br><br>ഇപ്പോൾ 7 ജില്ലകൾ 50% നു മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ). |

| | | | |
|---|---|---|---|
| | | | 3 ജില്ലകൾ 45% ന മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം).<br><br>മറ്റു ജില്ലകൾ – ന 30 % മുകളിൽ കവറേജ് കൈവരിച്ചു.<br><br>പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50% ന മുകളിൽ കവറേജ് കൈവരിച്ചു.<br><br>9 നിയമസഭാ മണ്ഡലങ്ങളും 100% കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).<br><br>620 സ്കീമുകളിലായി 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770 പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവർത്തികൾ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ഇതു വരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ – 11643.59 കോടി രൂപ). മുഴുവൻ തുകയും ചിലവഴിച്ചിട്ടുണ്ട് .<br><br>നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 2025 ആഗസ്റ്റ് 31 ലെ കണക്ക് പ്രകാരം 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല.<br><br>ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15/09/2025-ലെ G.O.(Ms)No.67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതി പൂർത്തീകരണത്തിനുള്ള തുക എതുരീതിയിൽ കണ്ടെത്താനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കേരള വാട്ടർ അതോറിറ്റിയ്ക്ക് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15/09/2025-ലെ G.O.(Ms)No.67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ജൽ ജീവൻ മിഷന്റെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് നൽകാനുള്ള തുക കുടിശികയായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 2025 ആഗസ്റ്റ് 31 ലെ കണക്ക് പ്രകാരം 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്. |

സെക്ഷൻ ഓഫീസർ